# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 6052 — 10.07.2012 ൽ മറുപടിക്ക്

**നോർക്ക-റൂട്ട്സിന്റെ കീഴിൽ പ്രീഡിപ്പാർച്ചർ ഓറിയന്റേഷൻ പ്രോഗ്രാം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. റ്റി. എ. അഹമ്മദ് കബീർ. | ശ്രീ. കെ. സി. ജോസഫ് (ബഹു. ഗ്രാമവികസനവും ആസൂത്രണവും നോർക്കയും സാംസ്കാരികവും വകുപ്പു മന്ത്രി) |
| (എ) പ്രീഡിപ്പാർച്ചർ ഓറിയന്റേഷൻ പ്രോഗ്രാമിനെക്കുറിച്ച് വിശദമാക്കുമോ ; | (എ) വിദേശത്ത് ജോലി തേടി-പോകുന്ന കേരളീയർ പൊതുവായി ഏർപ്പെടേണ്ട, തൊഴിലുടമ്പടി, വിസാനിയമം, എമിഗ്രേഷൻ, കസ്റ്റംസ്, യാത്ര എന്നിവ സംബന്ധിച്ച നിബന്ധനകൾ, ഇൻഷുറൻസ് നിയമങ്ങൾ, വിദേശ രാജ്യത്തെ തൊഴിൽ നിയമങ്ങൾ, സാമൂഹിക സാംസ്കാരിക ചുറ്റുപാടുകൾ, തൊഴിൽ സംസ്കാരം എന്നിവയെ കുറിച്ച് ബോധവത്കരണം നൽകുകയും, ചൂഷണത്തിന് വിധേയരാകാ-തിരിക്കാൻ വേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നതിന്വേണ്ടി ആവിഷ്ക-രിച്ചിട്ടുള്ളതാണ് പ്രീഡിപ്പാർച്ചർ ഓറിയന്റേഷൻ പ്രോഗ്രാം. ഇതിനായി 100/- രൂപ ഫീസ് അടച്ച് മുൻകൂർ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. |

| | |
|---|---|
| (ബി) സംസ്ഥാനത്ത് നോർക്ക-റൂട്ട്സിന്റെ കീഴിൽ എത്ര സ്ഥാപനങ്ങളാണ് പ്രീഡിപ്പാർച്ചർ ഓറിയന്റേഷൻ പ്രോഗ്രാം നടത്തുന്നതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ; | (ബി) കേരള സംസ്ഥാന യുവജന ക്ഷേമ ബോർഡുമായും വിവിധ ജില്ലകളിലെ എൻ. ജി. ഒ. കളുമായും ചേർന്നാണ് പ്രീഡി-പ്പാർച്ചർ ഓറിയന്റേഷൻ പ്രോഗ്രാം നടത്തുന്നത്. |
| (സി) മലപ്പുറം ജില്ലയിൽ നോർക്ക- റൂട്ട്സിന്റെ കീഴിൽ പ്രീഡിപ്പാർച്ചർ ഓറിയന്റേഷൻ പ്രോഗ്രാം ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;<br><br>(ഡി) ഉണ്ടെങ്കിൽ പ്രസ്തുത പ്രോഗ്രാം സെന്റർ മലപ്പുറം ജില്ലയിലെ മങ്കടയിൽ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ? | (സി)യും (ഡി)യും<br>മലപ്പുറം ജില്ലയിൽ കാവുങ്കൽ എന്ന സ്ഥലത്ത് 16.06.2012 തീയതിയിൽ പ്രീഡിപ്പാർച്ചർ ഓറിയന്റേഷൻ പ്രോഗ്രാം നടത്തിയിരുന്നു. തനതു വർഷം ഒരു ജില്ലയിൽ 3 പരിശീലന പരിപാടികൾ നടത്തുവാനാണ് ക്രമീകരണങ്ങൾ ചെയ്തുവരുന്നത്. ആനിലയ്ക്ക് ഒരു പരിപാടി മങ്കടയിൽ നടത്തുന്ന കാര്യം പരിഗണിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ